ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

**Ex. V (1)/145/2022/DGE** തീയതി : 26/10/2022

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം- 2021-22 കാലയളവിൽ കാലാവധി പൂർത്തിയാക്കിയ ഉത്തരക്കടലാസുകൾ ക്യാമ്പുകളിൽ നിന്നും നീക്കം ചെയ്ത് തുക അടവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയത്തിലെ 30/12/2021 തീയതിയിലെ.STY/1304/2021-D1 നമ്പർ കത്ത്

2. ഈ ഓഫീസിലെ 04/05/2022 ലെ ഇതേ നമ്പർ സർക്കുലർ

2021-2022 കാലയളവിലെ കാലാവധി പൂർത്തിയാക്കിയ ഉത്തരക്കടലാസുകൾ (ഹയർ സെക്കന്ററി രണ്ടാം വർഷം സേ ജൂൺ 2019 ,ഒന്നാം വർഷം ഇംപ്രൂവ്മെന്റ് ജൂലൈ 2019, ഒന്നാം വർഷ/ രണ്ടാം വർഷ ഹയർ സെക്കന്ററി മാർച്ച് 2020, രണ്ടാം വർഷ സേ സെപ്റ്റംബർ 2020, ഒന്നാം വർഷ ഇംപ്രൂവ്മെന്റ് ഡിസംബർ 2020 പരീക്ഷകളുടെ മൂല്യനിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകൾ, 2018 വരെയുള്ള വർഷങ്ങളിലെ പരീക്ഷകളുടെ പുന:മൂല്യനിർണ്ണയക്യാമ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന ഉത്തരക്കടലാസുകൾ എന്നിവ സ്റ്റേഷനറി ഡിപ്പാർട്ട്മെന്റ് നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ച് അംഗീകൃത ഡീലർക്ക് 30 ദിവസത്തിനുള്ളിൽ വിൽപന നടത്തി തുക സ്റ്റേഷനറി വകുപ്പിന്റെ **37494823891 നമ്പർ ബാങ്ക് അക്കൗണ്ടിൽ (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,**

വികാസ് ഭവൻ ബ്രാഞ്ച്, **IFSC Code –SBIN0070415)** അടച്ച് അസ്സൽ ബാങ്ക് രസീത് “സ്റ്റേഷനറി കൺട്രോളർ തിരുവനന്തപുരം –33 ” എന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതും ആയതിന്റെ പകർപ്പ് ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണെന്ന് സൂചന(2) പ്രകാരമുള്ള സർക്കുലർ മുഖേന അറിയിച്ചിരുന്നു. പ്രസ്തുത ഉത്തരക്കടലാസുകൾ ടി കരാറുകാരൻ ഏറ്റെടുക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ വിവരം ഏഴു ദിവസത്തിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അറിയിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)

To
The Principal / Camp Co-Ordinator
CV & RV Camps of Second Year Say/ Improvement Examination June 2019, Sep 2020
First Year Improvement Examination July 2019,Dec 2020
First and Second Year Examination March 2020

സ്വീകർത്താവ്
പ്രിൻസിപ്പൽ / ക്യാമ്പ് കോ–ഓർഡിനേൽക്കത
രണ്ടാം വർഷം സേ/ ഇംപ്രൂവ്മെന്റ് – ജൂൺ – 2019, സെപ്റ്റംബർ 2020,
ഒന്നാം വർഷം ഇംപ്രൂവ്മെന്റ് ജൂലൈ – 2019,ഡിസംബർ 2020
ഒന്നാം വർഷ /രണ്ടാം വർഷ ഹയർ സെക്കന്ററി മാർച്ച് 2020